1) **26.06.2018 ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 495-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.**

**ഹാജർ**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. കെ.ജെ. മാക്സി, ബഹു. എം.എൽ.എ., കൊച്ചി.
3) ശ്രീ. എം. സ്വരാജ്, ബഹു. എം.എൽ.എ., തൃപ്പൂണിത്തുറ.
4) ശ്രീമതി. അനൂജ എ.എസ്., സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ.
5) ശ്രീമതി. പി.ആർ. ഉഷാകുമാരി, ജില്ലാ ടൗൺ പ്ലാനർ & സെക്രട്ടറി, ജിസിഡിഎ.

**1. തീരുമാനം നമ്പർ 39/2018-19**

*30.05.2018 ൽ കൂടിയ 494-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

30.05.2018-ൽ കൂടിയ 494-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**2. തീരുമാനം നമ്പർ 40/2018-19**

*28.04.2018-ൽ കൂടിയ 493-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

28.04.2018-ൽ കൂടിയ 493-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**3. തീരുമാനം നമ്പർ 41/2018-19**

*ജി.സി.ഡി.എ. - റവന്യൂ സി.സി വിഭാഗം - തമ്മനം കിസാൻ കോളനി പ്ലോട്ട് നമ്പർ 175 - നിരാക്ഷേപ പത്രം നൽകുന്നത് - സംബന്ധിച്ച്.*
*(നം. 3958/റവന്യൂ സി.സി./പ്ലോട്ട് നമ്പർ-175/ടി.കെ.സി./ജി.സി.ഡി.എ)*

ജിസിഡിഎയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ പ്ലോട്ട് നമ്പർ 175, ശ്രീ. കബീർ എന്നയാൾക്ക് ടി പ്ലോട്ട് തമ്മനം സർവ്വീസ് സഹകരണ ബാങ്കിൽ പണയപ്പെടുത്തി വായ്പ എടുക്കുന്നതിന് NOC നൽകുന്നതിന് തീരുമാനിച്ചു.

**4. തീരുമാനം നമ്പർ 42/2018-19**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജെ.എൻ.ഐ. സ്റ്റേഡിയം കലൂർ എക്സ്പാൻഷൻ ജോയിന്റിന്റെയും +110 ലെവൽ ടെറസ്സിലുള്ള റെയിൻവാട്ടർ ഗട്ടറിലും ലീക്ക് പ്രൂഫ് പ്രവൃത്തി ചെയ്യുന്നത് - സംബന്ധിച്ച്.*
*(നം. ഇ.2/7710/2016/ജി.സി.ഡി.എ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ. സ്റ്റേഡിയത്തിൽ കോമ്പറ്റീഷൻ ഏരിയയിലെ എക്സ്പാൻഷൻ ജോയിന്റിൽ നിന്നുള്ള ലീക്കേജ് മൂലവും +110 ലെവലിലുള്ള ടെറസ്സിൽ നിന്നുള്ള ലീക്കേജ് മൂലവും ടി ഭാഗത്ത് ലീക്ക് പ്രൂഫിംഗ് പ്രവൃത്തി ചെയ്യുന്നതിന് ജി.എസ്.ടി. ഉൾപ്പെടെ 35,85,000/- രൂപ പ്രതീക്ഷിത ചിലവ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 43/2018-19**

*ജി.സി.ഡി.എ. - ആസൂത്രണ വിഭാഗം - ജിസിഡിഎ ഓഫീസ് സെക്രട്ടറിയുടെയും ചെയർമാന്റെയും ക്വാർട്ടേഴ്സ് എന്നിവിടങ്ങളിലെ പൂന്തോട്ടം പരിപാലിക്കുന്നതിന് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയത് - സാധൂകരണം - സംബന്ധിച്ച്.*
*(നം. 3630/പി.എൽ.1/2005/ജി.സി.ഡി.എ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം ജിസിഡിഎ ഓഫീസ്, സെക്രട്ടറിയുടെയും ചെയർമാന്റെയും ക്വാർട്ടേഴ്സ് എന്നിവിടങ്ങളിലെ പൂന്തോട്ടം പരിപാലിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ടെ□ ർ നടപടികൾ നീ□ ുപോകാൻ സാദ്ധ്യതയുള്ളതിനാൽ നിലവിലുള്ള കരാറുകാരിക്ക് 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിലേയ്ക്ക് അനുബന്ധ കരാർ വച്ച് പേയ്മെന്റ് നൽകിയ നടപടിയും 2018 മാർച്ച്, ഏപ്രിൽ മാസങ്ങളിലേയ്ക്ക് കരാർ ദീർഘിപ്പിച്ച് നൽകിയ നടപടിയും സാധൂകരിക്കുന്നതിനും മെയ്, ജൂൺ മാസങ്ങളിലേയ്ക്ക് കൂടി കരാർ ദീർഘിപ്പിച്ച് നൽകുന്നതിനും തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 44/2018-19**

*ജി.സി.ഡി.എ. - പൊതുഭരണ വിഭാഗം - ജീവനക്കാർക്കായുള്ള റിക്രിയേഷൻ ക്ലബ്ബ് ബജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.*
*(നം. 5310/ജി.3/2013/ജി.സി.ഡി.എ)*

അതോറിറ്റിയിലെ ജീവനക്കാർക്കായുള്ള റിക്രിയേഷൻ ക്ലബ്ബ് പ്രവർത്തനങ്ങൾക്കായി നൽകി വരുന്ന ബജറ്റ് വിഹിതം കൂട്ടി നൽകേ□ തില്ലെന്നും അടിയന്തിരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിലേയ്ക്ക് കണക്ക് ഹാജരാക്കേ□ താണെന്നും തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 45/2018-19**

*ജി.സി.ഡി.എ. - റവന്യൂ വിഭാഗം - രാമേശ്വരം വെസ്റ്റ് ടൗൺ പ്ലാനിംഗ് സ്കീം പ്ലോട്ട് നമ്പർ 100-ന്റെ പിഴ പലിശ ഒഴിവാക്കി നൽകുന്നത് - സംബന്ധിച്ച്.*
*(നം. സി-6/റവന്യൂ/RWTPS/Plot No. 100/ജി.സി.ഡി.എ)*

അതോറിറ്റിയുടെ രാമേശ്വരം വെസ്റ്റ് ടൗൺ പ്ലാനിംഗ് സ്കീമിൽപ്പെട്ട പ്ലോട്ട് 100-ന്റെ അലോട്ടിയായ ശ്രീമതി. മാർഗരറ്റ് ജോസഫിന് അധിക ഭൂവിലയിനത്തിലുള്ള തുകയിൽ പിഴ പലിശ ഒഴിവാക്കി നൽകുന്നതിനും സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനും തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 46/2018-19**

*ജി.സി.ഡി.എ. - ധനകാര്യ വിഭാഗം - ഗാന്ധിനഗർ വനിതാ ഹോസ്റ്റൽ നവീകരണം - Financial viability study - സംബന്ധിച്ച്.*
*(നം. 3026/എഫ്.ബി.1/2012/ജി.സി.ഡി.എ)*

ജിസിഡിഎ വക ഗാന്ധിനഗർ വനിതാ ഹോസ്റ്റൽ നവീകരണവുമായി ബന്ധപ്പെട്ട് Financial Viability Study Report തയ്യാറാക്കി സമർപ്പിച്ച വകയിൽ മെ. എ.എ. മേനോൻ & അസ്സോസിയേറ്റ്സിന് 17,700/- രൂപ അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 47/2018-19**

*ജി.സി.ഡി.എ. - റവന്യൂ(സി.സി) വിഭാഗം - തമ്മനം കിസാൻ കോളനി പ്ലോട്ട് നം. 197- പണയപ്പെടുത്തുന്നതിന് NOC അനുവദിക്കുന്നത് - സംബന്ധിച്ച്.*
*(നം. സി-11/4485/ Rev cc/TKC-197/GCDA)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസാൻ കോളനിയിലെ പ്ലോട്ട് നമ്പർ 197 ശ്രീമതി. സരസ എന്ന മേരിയ്ക്ക് ടിയാരിയുടെ അപേക്ഷ പരിഗണിച്ച് ടി പ്ലോട്ട് സഹകരണ സംഘത്തിൽ പണയപ്പെടുത്തി വായ്പ എടുക്കുന്നതിന് NOC നൽകുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 48/2018-19**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഓഫ് ലേസർ ഷോ/മ്യൂസിക്കൽ ഫൗ  ൻ - രാജേന്ദ്ര മൈതാനം - സംബന്ധിച്ച്.*
*(നം. ഇ.3/3604/2018/GCDA)*

അതോറിറ്റി വക കൊച്ചി മറൈൻ ഡ്രൈവ് പ്രദേശം ഒരു വിനോദ മേഖലയാക്കി മാറ്റുന്നതിന്റെ ഭാഗമായി 01.06.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചതിനാൽ 25.10.2014-ൽ ലേസർ ഷോ പദ്ധതി പൂർത്തീകരിക്കുകുയും DLP യ്ക്ക് ശേഷം 20 ലക്ഷം രൂപ

നിരക്കിൽ എ.എം.സി. നൽകിയിട്ടുള്ളതുമാണ്. ചില സാങ്കേതിക തകരാറുകൾ കാരണം 31.12.2016–ന് ശേഷം ഷോ നടക്കാതിരുന്നതിനാൽ നിയമോപദേശം ലഭ്യമാക്കി മെ. ലേസർ ടെക്–മായുള്ള കരാർ റദ്ദ് ചെയ്ത് കോൺട്രാക്ട് വ്യവസ്ഥയിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചതിൽ മെ. ആർട് ഓഫ് ക്രിയേഷനുമായി ചർച്ച നടത്തുകയും 3 പാർട്ടുകളായി അവർ സമർപ്പിച്ച പ്രൊപ്പോസലിൽ പാർട്ട്–1 ലെ പ്രവൃത്തി നെഗോസിയേഷന് ശേഷം 19.50 ലക്ഷം രൂപയ്ക്ക് ചെയ്യാമെന്ന് അറിയിക്കുകയു□ ായി. മൂന്നാമത്തെ പ്രൊപ്പോസൽ സമർപ്പിച്ച പ്രകാരം സ്വന്തമായി വരുമാനം ക□ ത്തി പ്രവർത്തിപ്പിക്കാമെന്ന മെ. ആർട്ട് ഓഫ് ക്രിയേഷൻ–ന്റെ വാഗ്ദാനം/ഉറപ്പ് കണക്കിലെടുത്ത് 19.50 ലക്ഷം രൂപ നൽകുന്നതിനും ഇലക്ട്രിക്കൽ പാനലിന്റെ സർട്ടിഫിക്കേഷൻ പ്രകാരം പേമെന്റ് നൽകുന്നതിനും ടി പ്രവൃത്തി ഏൽപ്പിക്കുന്നതിനും സ്വീകരിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>11. തീരുമാനം നമ്പർ 49/2018–19</u>**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – തോട്ടയ്ക്കാട്ടുകര ടൗൺ പ്ലാനിംഗ് സ്കീം സർവ്വേ 318/3, 318/6 ബി–3, 318/7–ൽപ്പെട്ട പുനരധിവാസ പ്ലോട്ട് നമ്പർ 71–ന്റെ തീറാധാരം നൽകുന്നത് – സംബന്ധിച്ച്.*
*(നം. 29162/എസ്റ്റേറ്റ്/എ.1/1983/ജിസിഡിഎ)*

തോട്ടയ്ക്കാട്ടുകര ടൗൺ പ്ലാനിംഗ് സ്കീം സർവ്വേ നമ്പർ 318/3, 318/6 ബി–3, 318/7–ൽപ്പെട്ട പരേതനായ ചങ്കോരി ചാത്തന്റെ പേരിലുള്ള പുനരധിവാസ പ്ലോട്ട് നമ്പർ 71, അനന്താരാവകാശികളിൽ ഒരാളായ ശ്രീ. ശശീന്ദ്രൻ മരണപ്പെട്ടതിനാൽ ടിയാന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരവും മറ്റ് അനന്തരാവകാശികളായ ശ്രീമതി. ജാനകി, ശ്രീ. ഉണ്ണി, ജയശ്രീ, ലൈജു പരമേശ്വരൻ എന്നിവരുടെ പേരിലും തീറാധാരം ചെയ്ത് കൊടുക്കുന്നതിന് തീരുമാനിച്ചു.

**<u>12. തീരുമാനം നമ്പർ 50/2018–19</u>**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – അതോറിറ്റി വക കാക്കനാട് സ്റ്റുഡിയോ അപ്പാർട്ട്മെന്റ് 25 ഫ്ളാറ്റുകളുടെ സമുച്ചയം – 30.04.2018 തീയതിയിലെ പുനർ ടെ□ ർ/ലേലം മുഖേന 5 വർഷക്കാലയളവിലേയ്ക്ക് ശ്രീ. കെ.കെ. സുനിൽകുമാറിന് വാടകയ്ക്ക് അനുവദിച്ച് നൽകിയതിൻമേൽ അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടിയുടെ സാധൂകരണം – സംബന്ധിച്ച്.*
*(നം. 2602/എസ്റ്റേറ്റ്/ബി.3/2014/ജിസിഡിഎ)*

അതോറിറ്റി വക കാക്കനാട് സ്റ്റുഡിയോ അപ്പാർട്ട്മെന്റ് 25 ഫ്ളാറ്റുകളുടെ സമുച്ചയം വാടകയ്ക്ക് അനുവദിച്ച് നൽകുന്നതിന് 30.04.2018–ൽ നടത്തിയ പുനർ ടെ□ ർ/ലേലം നടപടികളിൽ ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്ത ആദ്യത്തെ 2 പേർ അയോഗ്യരാകുകയും 3–ാമത്തെ ഉയർന്ന തുക ക്വോട്ട് ചെയ്ത ശ്രീ. കെ.കെ. സുനിൽ

കുമാർ ആദ്യത്തെ ഉയർന്ന തുകയായ 18,00,700/- രൂപയ്ക്ക് ടെ□ ർ ഏറ്റെടുക്കുന്നതിന് തയ്യാറായ സാഹചര്യത്തിൽ, ശ്രീ. കെ.കെ. സുനിൽകുമാറിന് 5 വർഷകാലയളവിലേയ്ക്ക് ടി കെട്ടിടം വാടകയ്ക്ക് അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 51/2018-19**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക കാക്കനാട് സ്റ്റുഡിയോ അപ്പാർട്ട്മെന്റിന്റെ 19.04.2018 തീയതിയിൽ നടന്ന ടെ□ ർ/ലേലത്തിൽ ടി അപ്പാർട്ട്മെന്റിലെ ഒരു ഫ്ളാറ്റിന്റെ വാടക 5,000/- രൂപ, സെക്യൂരിറ്റി ഡെപ്പോസിറ്റ് 15,00,000/- രൂപ, ഇ.എം.ഡി. 2,00,000/- രൂപ എന്നിങ്ങനെ നിശ്ചയിച്ച് 25 ഫ്ളാറ്റുകളുടെ സമുച്ചയം 5 വർഷത്തേയ്ക്ക് വാടകയ്ക്ക് നൽകുന്നതിന് തീരുമാനിച്ച നടപടിയുടെ സാധൂകരണം - സംബന്ധിച്ച്.*
*(നം. 2602/എസ്റ്റേറ്റ്/ബി.3/2014/ജിസിഡിഎ)*

അതോറിറ്റി വക കാക്കനാട് സ്റ്റുഡിയോ അപ്പാർട്ടുമെന്റിലെ 25 ഫ്ളാറ്റുകളുടെ സമുച്ചയം 5 വർഷത്തേയ്ക്ക് ഒന്നിച്ച് വാടകയ്ക്ക് നൽകുന്നതിനുള്ള ടെ□ ർ/ലേലം നടപടികളിൽ ഒരു ഫ്ളാറ്റിന്റെ വാടക 5,000/- രൂപ ആയി കണക്കാക്കി 25 ഫ്ളാറ്റുകളുടെ 12 മാസത്തെ വാടകയായി 15,00,000/- രൂപ, സെക്യൂരിറ്റി ഡെപ്പോസിറ്റ് 15,00,000/- രൂപ ഇ.എം.ഡി. 2,00,000/- രൂപ എന്നിങ്ങനെ നിശ്ചയിച്ച് ഈടാക്കുന്നതിന് തീരുമാനിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 52/2018-19**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - മുൻ സെക്രട്ടറി ശ്രീ. എം.സി. ജോസഫിന് ആറുമാസത്തേക്കുകൂടി ഡി.7 ക്വാർട്ടറിൽ താമസിക്കുന്നതിന് അനുവാദം നൽകുന്നത് - സംബന്ധിച്ച്.*
*(നം. 801/എസ്റ്റേറ്റ്/എ.1/2012/ജിസിഡിഎ-(പാർട്))*

അതോറിറ്റിയിൽ നിന്നും വിരമിച്ച മുൻ സെക്രട്ടറി ശ്രീ. എം.സി. ജോസഫിന് ക്വാർട്ടർ അലോട്ട്മെന്റ് വ്യവസ്ഥയിലെ റൂൾ 17 പ്രകാരം ആറ് മാസത്തേയ്ക്ക് കൂടി ഡി-7 ക്വാർട്ടറിൽ താമസിക്കുന്നതിന് അനുവാദം നൽകുന്നതിന് തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 53/2018-19**

*ജി.സി.ഡി.എ. - റവന്യൂ (സി.സി.) വിഭാഗം - തമ്മനം കിസാൻ കോളനി പ്ലോട്ട് നമ്പർ-112 വിൽക്കുന്നതിന് NOC അനുവദിക്കുന്നത് - സംബന്ധിച്ച്.*
*(നം. സി-11/റവന്യൂ (സി.സി.)/4252/ടി.കെ.സി.-112/ജിസിഡിഎ)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ പ്ലോട്ട് നമ്പർ 112, ശ്രീ. മുരളീദാസന് ടിയാന്റെ അപേക്ഷ പരിഗണിച്ച് ടി പ്ലോട്ട് വിൽക്കുന്നതിന് NOC നൽകുന്നതിന് തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 54/2018-19**

*ജി.സി.ഡി.എ. - റവന്യൂ (സി.സി.) വിഭാഗം - പ്ലോട്ട് നമ്പർ-77 - തമ്മനം കിസാൻ കോളനി - പ്ലോട്ട് കൈമാറ്റം ചെയ്യുന്നതിന് NOC അനുവദിക്കുന്നത് - സംബന്ധിച്ച്.*
*(നം. സി-11/റവന്യൂ (സി.സി.)/4486/ടി.കെ.സി.-77/ജിസിഡിഎ)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ പ്ലോട്ട് നമ്പർ 77 ശ്രീ. ബിജു ടി.എഫ്.-ന് ടിയാന്റെ അപേക്ഷ പരിഗണിച്ച് ടി പ്ലോട്ട് കൈമാറ്റം ചെയ്യുന്നതിന് NOC നൽകുന്നതിന് തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 55/2018-19**

*ജി.സി.ഡി.എ. - റവന്യൂ.സി.സി. വിഭാഗം - പ്ലോട്ട് നം. 50 - തമ്മനം കിസാൻ കോളനി - പ്ലോട്ട് കൈമാറ്റം ചെയ്യുന്നതിന് എൻ.ഒ.സി. അനുവദിക്കുന്നത് - സംബന്ധിച്ച്.*
*(നം. സി.11/റവന്യൂ.സി.സി./3077/ടി.കെ.സി.-50/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസാൻ കോളനിയിലെ പ്ലോട്ട് നമ്പർ 50-ന്റെ അലോട്ടിയായിരുന്ന പരേതയായ സെലീന പാപ്പുവിന്റെ അനന്തരാവകാശികളിൽ ഒരാളായ ശ്രീ. പി.പി. ജോസഫിന്റെ അപേക്ഷ പരിഗണിച്ച് അനന്തരാവകാശ സർട്ടിഫിക്കറ്റ് സമ്മതപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ ടി പ്ലോട്ട് നമ്പർ 50-ന്റെ ക്രയവിക്രയം സംബന്ധിച്ച കാര്യങ്ങൾ ചെയ്യുന്നതിന് അനന്തരാവകാശിയായ, ശ്രീമതി. മേരി ആന്റണിയ്ക്ക് NOC നൽകുന്നതിന് തീരുമാനിച്ചു.

**18. തീരുമാനം നമ്പർ 56/2018-19**

*ജി.സി.ഡി.എ. - ധനകാര്യ വിഭാഗം - ജി.സി.ഡി.എ ജീവനക്കാർക്കും, പെൻഷൻകാർക്കും ക്ഷാമബത്ത നൽകുന്നത് - സംബന്ധിച്ച്.*
*(പ്രതിമാസ വർദ്ധനവ് 1% നിരക്കിൽ)*
*(നം. 4661/എഫ്.ബി.5/2013/ജി.സി.ഡി.എ.)*

07.06.2018-ലെ ജി.ഒ.(പി.) നമ്പർ 84/2018/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച ക്ഷാമബത്ത/ഡി.ആർ. വർദ്ധനവ് 01.07.2017 മുതൽ അതോറിറ്റി ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**19. തീരുമാനം നമ്പർ 57/2018-19**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - അതോറിറ്റിയിൽ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ മേൽ നോട്ടം വഹിക്കുന്ന പാനലിനും, കരാറിൽ ഏർപ്പെടുന്ന എഞ്ചിനീയർക്കുമുള്ള ഓണറേറിയം, പ്രതിഫലം പുതുക്കി നിശ്ചയിക്കുന്നത്-സംബന്ധിച്ച്.*
*(നം. 8082/ഇ1/2018/ജി.സി.ഡി.എ.)*

22.09.2015-ലെ സർക്കാർ ഉത്തരവ് 2878/15/ത.സ്വ.ഭ.വ. പ്രകാരം അതോറിറ്റിയിലെ ഇലക്ട്രിക്കൽ പാനലിൽ നിന്നും കരാറിൽ ഏർപ്പെടുന്ന എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 2% വും മറ്റ് പാനൽ അംഗങ്ങൾക്ക് എസ്റ്റിമേറ്റ് തുകയുടെ 1% തുകയും ഓണറേറിയം/പ്രതിഫലമായി അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**20. തീരുമാനം നമ്പർ 58/2018-19**

*ജി.സി.ഡി.എ. - ജീവനക്കാര്യം - ശ്രീ.എസ്.സുനിൽ, സീനിയർ ക്ലർക്ക്, അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയ നടപടിക്ക് നിർവ്വാഹക സമിതിയുടെ സാധൂകരണം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.*
*(നം. 6222/എസ്റ്റാ 2/2012/ജി.സി.ഡി.എ.)*

അതോറിറ്റിയിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ യു.ഡി. ക്ലർക്കായി സേവമനമനുഷ്ഠിക്കുന്ന ശ്രീ. എസ്.സുനിൽ, സീനിയർ ക്ലർക്കിന്റെ സേവന കാലാവധി 14.08.2018 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**21. തീരുമാനം നമ്പർ 59/2018-19**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയാകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 09.05.2018-ൽ നടത്തിയ ടെ□ ർ/ലേലം - അലോട്ട്മെന്റ് - ഉത്തരവ് - നൽകിയ നടപടി - സാധൂകരണം - സംബന്ധിച്ച്.*
*(നം. 2989/എസ്റ്റേറ്റ്/ബി3/2018/ജി.സി.ഡി.എ.)*

അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 09.05.2018-ൽ നടത്തിയ ടെ□ ർ/ലേലം നടപടികളിൽ ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്ത താഴെ പറയുന്ന കക്ഷികൾക്ക് 01.06.2018 മുതൽ 31.05.2019 വരെ ഒരു

വർഷത്തേയ്ക്ക് അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

1) സൗത്ത് റെയിൽവേ സ്റ്റേഷൻ കിഴക്കേ കവാടം – മെ. എസ്.വി. അസ്സോസിയേറ്റ്സ് – 30,21,999/– രൂപ.
2) അംബേദ്കർ സ്റ്റേഡിയം പരിസരം – ശ്രീ. വി.എസ്. സന്തോഷ് – 7,09,999/– രൂപ.

**22. തീരുമാനം നമ്പർ 60/2018–19**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – അതോറിറ്റി വക കലൂർ മണപ്പാട്ടിപ്പറമ്പ് റോഡിന് പടിഞ്ഞാറ് വശം പാർക്കിംഗ് ഏരിയയിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 23.05.2018–ൽ നടത്തിയ പുനർ ടെ□ ർ/ലേലം – അലോട്ട്മെന്റ് ഉത്തരവ് – നൽകിയ നടപടി – സാധൂകരണം – സംബന്ധിച്ച്.*
*(നം. 2989/എസ്റ്റേറ്റ്/ബി3/2018/ജി.സി.ഡി.എ.)*

അതോറിറ്റി വക കലൂർ മണപ്പാട്ടിപ്പറമ്പ് റോഡിന് പടിഞ്ഞാറുവശം പാർക്കിംഗ് ഏരിയയിൽ നിന്നും 01.06.2018 മുതൽ 31.05.2019 വരെ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 23.05.2018–ൽ നടത്തിയ പുനർ ടെ□ ർ/ലേലത്തിൽ അടിസ്ഥാന വാടകയേക്കാൾ കൂടുതൽ തുക ക്വാട്ട് ചെയ്ത മെ. എറണാകുളം ടോൾ വർക്കേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടി സാധൂകരിക്കുന്നതിന് സ്വീകരിച്ചു.

**23. തീരുമാനം നമ്പർ 61/2018–19**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – അതോറിറ്റിയുടെ വിവിധ പദ്ധതി പ്രദേശങ്ങളിലെ സെക്യൂരിറ്റി സേവനം – സംബന്ധിച്ച്.*
*(നം. ഇ3/2060/2018/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ വിവിധ പദ്ധതി പ്രദേശങ്ങളിൽ സെക്യൂരിറ്റി സേവനം നടത്തുന്നതിന് ടെ□ ർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s. Ravenbeck എന്ന സ്ഥാപനത്തിന് ടി പ്രവൃത്തി ഏൽപ്പിക്കുന്നതിന് തീരുമാനിച്ചു.

**24. തീരുമാനം നമ്പർ 62/2018–19**

*ജി.സി.ഡി.എ. – ആസൂത്രണ വിഭാഗം – എറണാകുളം സെന്റ് ആൽബർട്സ് കോളേജ് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി വിശാല കൊച്ചി വികസന അതോറിറ്റിക്ക് നൽകുന്നത് – സംബന്ധിച്ച്.*
*(നം. 5572/പി.എൽ 2/2014/ജി.സി.ഡി.എ.)*

വിഷയം വിശദമായി ചർച്ച ചെയ്തു. അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം എറണാകുളം സെന്റ് ആൽബർട്സ് കോളേജ് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി

വിശാല കൊച്ചി വികസന അതോറിറ്റിക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് താഴെ പറയും പ്രകാരം തീരുമാനിച്ചു.

1) സെന്റ് ആൽബർട്സ് കോളേജിന് നേരത്തെ അനുവദിച്ച് നൽകിയ സ്ഥലം, അവർക്ക് മറ്റാരുടെയെങ്കിലും സ്ഥലം നൽകി ടി സ്ഥലം കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിനായി അതോറിറ്റിയ്ക്ക് തിരികെ ലഭ്യമാക്കുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.
2) ജിസിഡിഎ വക സ്ഥലം കെ.എം.ആർ.എൽ. ഏറ്റെടുക്കുന്നതിന് പകരം നിയമ പരമായി ജിസിഡിഎയ്ക്ക് സ്ഥലമോ/കോമ്പൻസേഷനോ/ഷെയറോ ലഭ്യമാക്കുന്നതിന് കെ.എം.ആർ.എൽ.നോടും സർക്കാരിനോടും അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.
3) സെന്റ് ആൽബർട്സ് കോളേജിന് ലീസിന് നൽകിയിട്ടുള്ള സർക്കാർ വക സ്ഥലത്തിന്റെയും ജിസിഡിഎയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെയും നിയമ സാധുത അതിർത്തി നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാരിനോടും ജില്ലാ കളക്ടറോടും അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**25. തീരുമാനം നമ്പർ 63/2018-19**

*ജിസിഡിഎ - എഞ്ചിനീയറിംഗ്വിഭാഗം - മട്ടാഞ്ചേരി ബി.ഒ.ടി പാലത്തിന്റെ പരിപാലനം - കരാർകാലാവധി നീട്ടി നൽകിയത്സംബന്ധിച്ച - നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.*
*(നം.ഇ2/3571/2014/ജിസിഡിഎ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം മട്ടാഞ്ചേരി ബി.ഒ.ടി. പാലത്തിന്റെ പരിപാലനത്തിന് മെ. എസ്.എം.എസ്. ഏജൻസിയുമായി 01.04.2018 മുതൽ 31.03.2021 വരെ വ്യവസ്ഥകൾ അംഗീകരിച്ച് എഗ്രിമെന്റ് വച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**26. തീരുമാനം നമ്പർ 64/2018-19**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക അംബേദ്കർ സ്റ്റേഡിയം ചുറ്റു മതിലിൽ പരസ്യ പ്രദർശനത്തിനുള്ള അവകാശം അനുവദിക്കുന്നതിന് 11.05.2018 ൽ നടത്തിയ ടെ□ ർ/ലേലത്തിൽ ഐശ്വര്യ ഊ മീഡിയ ഓണേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന് അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടി - സാധൂകരണം - സംബന്ധിച്ച്.*
*(നം.3297/എസ്റ്റേറ്റ്/ബി3/18/ജിസിഡിഎ)*

അതോറിറ്റി വക അംബേദ്കർ സ്റ്റേഡിയം ചുറ്റുമതിലിൽ പരസ്യ പ്രദർശനത്തിനുള്ള അവകാശം അനുവദിക്കുന്നതിന് 11.05.2018-ൽ നടത്തിയ ടെ□ ർ/ലേലത്തിൽ ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്ത ഐശ്വര്യ ഊ മീഡിയ ഓണേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന് 01.06.2018 മുതൽ 31.05.2019 വരെ ടി പ്രവൃത്തി ചെയ്യുന്നതിനുള്ള അവകാശം

അനുവദിക്കുന്നതിന് അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**27. തീരുമാനം നമ്പർ 65/2018-19**

*ജിസിഡിഎ - പൊതുഭരണ വിഭാഗം - അതോറിറ്റിയുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതിയ്ക്കായുള്ള പാനലിൽ ശ്രീ. ശശിധരൻ ഇളയത് കെ.എൻ. (അസിസ്റ്റന്റ് എഞ്ചിനീയർ റിട്ടയേർഡ്) നെ ഉൾപ്പെടുത്തിയത് - അംഗീകാരം - സംബന്ധിച്ച്.*
*(നം. 2381/ജി.3/2018/ജിസിഡിഎ)*

അതോറിറ്റിയിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതിയ്ക്കായുള്ള പാനലിൽ ശ്രീ. ശശിധരൻ ഇളയത് കെ.എൻ., റിട്ടയേർഡ് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.-യേയും കൂടി ഉൾപ്പെടുത്തിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**28. തീരുമാനം നമ്പർ 66/2018-19**

*ജിസിഡിഎ - ആസൂത്രണ വിഭാഗം - ചങ്ങമ്പുഴ പാർക്ക് പരിപാലനം - സംബന്ധിച്ച്.*
*(നം. 1415/പി.എൽ.2/1992/ജിസിഡിഎ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം ചങ്ങമ്പുഴ പാർക്ക് പരിപാലനം സംബന്ധിച്ച് താഴെ പറയും പ്രകാരം തീരുമാനിച്ചു.

1) ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം തൃപ്തികരമായി പാർക്ക് പരിപാലനം നടത്തി വന്നിരുന്നതിനാൽ ദർഘാസിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രത്തിന് തന്നെ ചങ്ങമ്പുഴ പാർക്കിന്റെ പരിപാലന ജോലികൾ ദർഘാസിൽ വിവരിച്ചിരിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും കൂടാതെ പരിപാലനം കൂടുതൽ തൃപ്തികരമായി ചെയ്യുന്നതിനാവശ്യമായ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി കരാർ വയ്പിക്കുന്നതിന് തീരുമാനിച്ചു.
2) 30.06.2017-ന് കരാർ കാലാവധി അവസാനിക്കുകയും ടെ□ർ നടപടികളിൽ കാലതാമസം ഉ□ാവുകയും ചെയ്ത സാഹചര്യത്തിൽ 01.07.2017 മുതൽ ചങ്ങമ്പുഴ സാസ്കാരിക കേന്ദ്രത്തിന് നിലവിലുള്ള കരാർ വ്യവസ്ഥകൾ പ്രകാരം പരിപാലന ചെലവ് നൽകിയ നടപടി സാധൂകരിക്കുന്നതിനും പുതിയ കരാർ വയ്പിക്കുന്നതുവരെ പ്രസ്തുത തുക നൽകി പരിപാലനം നടത്തുന്നതിനും തീരുമാനിച്ചു.

യോഗം 10.30 മണിക്ക് അവസാനിച്ചു.

(ഒപ്പ്)

ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി